**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരി എഫ്.സി.ഐ ഡിപ്പോകളിൽ നിന്ന് വിട്ടെടുക്കുന്നതിന് മുൻപ് സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥരും, എഫ്.സി.ഐ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. തുടർന്ന് സപ്ലൈകോ ഗോഡൗണുകളിൽ സംഭരിക്കുന്ന അരിയുടെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും ആവശ്യമായ പരിശോധനകൾ നടത്തുന്നതിനും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണകാര്യത്തിൽ സപ്ലൈകോ കർശനമായ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ